KERALA POWER MIND MISSION

മനസ്സ്

a magazine for success!

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ മുളന്തുരുത്തിയിൽ

2026 ആഗസ്റ്റ് 27 വ്യാഴം

സ്പെഷ്യൽ പതിപ്പ്

ചരിത്രം വീണ്ടും മുളന്തുരുത്തിയിൽ

ജോൺസൺ കീപ്പള്ളിൽ
ചീഫ് എഡിറ്റർ
മനസ് മാസിക

ചരിത്രം ചിലപ്പോൾ ഭൂതകാലത്തിന്റെ ഓർമ്മ മാത്രമാകുന്നില്ല; അത് വർത്തമാനത്തെ ഉണർത്തുകയും ഭാവിക്ക് ദിശാബോധം നൽകുകയും ചെയ്യുന്ന സജീവമായ അനുഭവമായി മാറുന്നു. അത്തരമൊരു ചരിത്രനിമിഷത്തിനാണ് മുളന്തുരുത്തി വീണ്ടും സാക്ഷിയാകുന്നത്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഭരണ-ജനാധിപത്യ പാരമ്പര്യത്തിൽ നിർണായകമായ അധ്യായം എഴുതപ്പെട്ട മണ്ണാണ് മുളന്തുരുത്തി. 1876-ൽ പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവയുടെ അധ്യക്ഷതയിൽ നടന്ന മുളന്തുരുത്തി സുന്നഹദോസ് സഭയുടെ ഭരണക്രമത്തിനും ജനാധിപത്യ സംവിധാനങ്ങൾക്കും ശക്തമായ അടിത്തറ പാകി. സഭയുടെ പൊതുവായ കാര്യങ്ങളിൽ വിശ്വാസിസമൂഹത്തിനും ഇടം നൽകുന്ന ആ പാരമ്പര്യം കാലത്തിന്റെ മാറ്റങ്ങൾക്കിടയിലും നിലനിന്നു.

ആ ചരിത്രപാരമ്പര്യത്തിന്റെ തുടർച്ചയായാണ് ഓഗസ്റ്റ് 27-ന് മുളന്തുരുത്തിയിൽ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ മഹാസംഗമിക്കുന്നത്. സഭയിലേക്ക് നാല് മെത്രാപ്പോലീത്താമാരെ ബാലറ്റിലൂടെ തെരഞ്ഞെടുക്കുന്ന ഈ സമ്മേളനം കേവലം ഒരു തെരഞ്ഞെടുപ്പ് പ്രക്രിയയല്ല; മലങ്കര സഭയുടെ ജനാധിപത്യ പാരമ്പര്യത്തിന്റെ ആവർത്തിച്ചുള്ള പ്രഖ്യാപനം കൂടിയാണ്.

ഈ സംഗമത്തിന് മറ്റു ചില ചരിത്രപ്രാധാന്യങ്ങൾ കൂടിയുണ്ട്. മുളന്തുരുത്തി സുന്നഹദോസിന്റെ 150-ാം വാർഷികവും പരിശുദ്ധ പരുമല തിരുമേനിയുടെ മെത്രാൻ സ്ഥാനാരോഹണത്തിന്റെ 150-ാം വാർഷികവും മുളന്തുരുത്തിയിൽ നടന്ന വി.മൂറോൻ കൂദാശയുടെ 150-ാം വാർഷികവും ആചരിക്കുന്ന വേളയിലാണ് അസോസിയേഷൻ സമ്മേളിക്കുന്നത്. പരുമല തിരുമേനിയുടെ സന്യാസ ജീവിതത്തിന് തുടക്കം കുറിച്ച വെട്ടിക്കൽ സെന്റ് തോമസ് ദയറായിലെ മാർ ഗ്രിഗോറിയോസ് നഗർ ഈ മഹാസംഗമത്തിന് വേദിയാകുന്നു എന്നത് ചരിത്രത്തിന്റെ വിസ്മയകരമായ ഒരു യാദൃച്ഛികതയല്ല; പാരമ്പര്യവും വർത്തമാനവും തമ്മിലുള്ള ആത്മീയമായ ഒരു പാലമാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തുന്ന നാലായിരത്തോളം പ്രതിനിധികൾ ഈ മഹാസംഗമത്തിൽ പങ്കുചേരും. ഭൂമിശാസ്ത്രപരമായ അകലങ്ങൾ മറികടന്ന് വിശ്വാസത്തിൽ ഒന്നിക്കുന്ന ഒരു വലിയ കുടുംബത്തിന്റെ സംഗമമായിരിക്കും അത്. എന്നാൽ ഈ മഹാസംഗമത്തിന്റെ യഥാർത്ഥ മഹത്വം അതിന്റെ ജനപങ്കാളിത്തത്തിൽ മാത്രമല്ല; ഉത്തരവാദിത്വമുള്ള നേതൃത്വത്തെ തെരഞ്ഞെടുക്കാനുള്ള സഭയുടെ കൂട്ടായ വിവേകത്തിലാണ്.

ഒരു സഭയുടെ ശക്തി അതിന്റെ സ്ഥാപനങ്ങളിലും കെട്ടിടങ്ങളിലും മാത്രമല്ല. വിശ്വാസികളുടെ വിശ്വാസത്തിലും പങ്കാളിത്തത്തിലും ഉത്തരവാദിത്വബോധത്തിലും കൂടിയാണ്. അതുകൊണ്ടുതന്നെ മെത്രാപ്പോലീത്താമാരുടെ തെരഞ്ഞെടുപ്പ് ഒരു ഭരണപരമായ നടപടി എന്നതിലുപരി ആത്മീയവും സാമൂഹികവുമായ ഉത്തരവാദിത്വമാണ്. സഭയുടെ വിശ്വാസപാരമ്പര്യത്തെയും കാലത്തിന്റെ വെല്ലുവിളികളെയും ഒരുപോലെ മനസ്സിലാക്കുന്ന നേതൃത്വമാണ് ഈ കാലഘട്ടം ആവശ്യപ്പെടുന്നത്. പരുമല തിരുമേനിയുടെ ജീവിതം ഈ തെരഞ്ഞെടുപ്പിന് ഒരു വലിയ ആത്മീയ സന്ദേശവും നൽകുന്നു. സ്നേഹവും സേവനവും കരുണയും വിശ്വാസവും മനുഷ്യനോടുള്ള പ്രതിബദ്ധതയും ചേർന്ന ഒരു ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. സ്ഥാനത്തേക്കാൾ സേവനത്തിനും അധികാരത്തേക്കാൾ ആത്മീയ നേതൃത്വത്തിനും പ്രാധാന്യം നൽകിയ ആ മാതൃക ഇന്നും പ്രസക്തമാണ്.

മുളന്തുരുത്തിയിൽ ഒരിക്കൽ ജനാധിപത്യത്തിന്റെ വിത്ത് വിതച്ചെങ്കിൽ, 150 വർഷങ്ങൾക്കുശേഷം അതേ മണ്ണിൽ അതിന്റെ പാരമ്പര്യം പുതിയ തലമുറയ്ക്ക് കൈമാറുകയാണ്. കാലം മാറി, ലോകം മാറി, സഭയുടെ സാമൂഹിക സാഹചര്യങ്ങൾ മാറി. എന്നാൽ വിശ്വാസസമൂഹത്തിന്റെ പങ്കാളിത്തത്തോടെ നേതൃത്വം തെരഞ്ഞെടുക്കണമെന്ന അടിസ്ഥാനബോധം ഇന്നും പ്രസക്തമാണ്. മനസ് ഈ ചരിത്രസംഗമത്തിന്റെ സാക്ഷിയാകുമ്പോൾ, ഞങ്ങൾ ആഗ്രഹിക്കുന്നത് ഒരു തെരഞ്ഞെടുപ്പ് വിജയകരമായി പൂർത്തിയാകുന്നതു മാത്രമല്ല. സഭയുടെ ആത്മീയ ദൗത്യത്തിനും സാമൂഹിക പ്രതിബദ്ധതയ്ക്കും മാനവിക മൂല്യങ്ങൾക്കും കൂടുതൽ ശക്തി പകരുന്നതിന് കാരണമാകട്ടെ ഈ സംഗമം.

ഈ മഹാസംഗമം മലങ്കര സഭയുടെ ജനാധിപത്യ പാരമ്പര്യത്തിന് പുതിയ ഊർജവും ആത്മീയ നേതൃത്വത്തിന് പുതിയ ദിശയും വിശ്വാസിസമൂഹത്തിന് പുതിയ പ്രതീക്ഷയും നൽകട്ടെ.

മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ

നാല് മെത്രാപ്പോലീത്തന്മാരെ തെരഞ്ഞെടുക്കും



മലങ്കര ഓർത്തഡോക്സ് സഭയിലേക്ക് നാല് മെത്രാപ്പോലീത്താമാരെ തിരഞ്ഞെടുക്കുന്നതിനുള്ള മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗത്തിന് മുളന്തുരുത്തിയിൽ ഒരുക്കങ്ങൾ തുടങ്ങി. ഓഗസ്റ്റ് 27 ന് നടക്കുന്ന മഹാസംഗമത്തിന് മുന്നോടിയായി സ്വാഗത സംഘം ഓഫീസിൻറെ ഉദ്ഘാടനം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ നിർവഹിച്ചു.

മുളന്തുരുത്തി സുന്നഹദോസിന്റെയും പരിശുദ്ധ പരുമല തിരുമേനിയുടെ മെത്രാൻ സ്ഥാനാരോഹണത്തിൻറെയും 150-ാം വാർഷിക വേളയിലാണ് ഈ അസോസിയേഷൻ നടക്കുന്നത് എന്നത് ഏറെ ശ്രദ്ധേയം. പരുമല തിരുമേനിയുടെ സന്യാസ ജീവിതത്തിന് തുടക്കം കുറിച്ച വെട്ടിക്കൽ സെൻറ് തോമസ് ദയറായിലെ മാർ ഗ്രിഗോറിയോസ് നഗർ ആണ് ഈ ചരിത്ര സംഗമത്തിന് വേദിയാകുന്നത്.

1876-ൽ പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവയുടെ അധ്യക്ഷതയിൽ ചേർന്ന മുളന്തുരുത്തി സുന്നഹദോസാണ് സഭയുടെ ജനാധിപത്യ സംവിധാനങ്ങൾക്ക് അടിത്തറയിട്ടത്. ആ പാരമ്പര്യം ഉയർത്തിപ്പിടിച്ചാണ് പൂർണ്ണമായും ജനാധിപത്യ രീതിയിൽ ബാലറ്റിലൂടെ പുതിയ മെത്രാപ്പോലീത്താമാരെ തെരഞ്ഞെടുക്കുന്നത്. ലോകത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 4000 പ്രതിനിധികളാണ് അന്ന് മുളന്തുരുത്തിയിലേക്ക് ഒഴുകിയെത്തുക.

മേല്പട്ട സ്ഥാനത്തേക്ക് ദൈവനിയോഗവും, ജനാധിപത്യ അംഗീകാരവും തേടുന്നവർ

ഫാ. യാക്കൂബ് തോമസ് റമ്പാൻ, ഫാ. ഷിബു വേണാട് മത്തായി, ഫാ. എ. എൻ എൽദോസ്, ഫാ. സാംജി റ്റി. ജോർജ്ജ്, ഫാ. തോമസ് പോൾ റമ്പാൻ, ഫാ. അനീഷ് കെ.സാം കോട്ടയം,

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിൽ നാല് പുതിയ മെത്രാപ്പോലീത്തമാരെ തിരഞ്ഞെടുക്കുവാൻ ആറ് പേരുടെ സ്ഥാനാർഥിപ്പട്ടിക പ്രസിദ്ധപ്പെടുത്തി.

കോട്ടയം പഴയ സെമിനാരിയിൽ ചേർന്ന സഭാ മാനേജിങ് കമ്മിറ്റി യോഗമാണ് ആറുപേരെ നാമനിർദേശം ചെയ്തത്. യോഗത്തിൽ ഓർത്തഡോക്സ് സഭാ പരമാധ്യക്ഷൻ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അധ്യക്ഷത വഹിച്ചു. 27ന് മുളന്തുരുത്തിയിൽ സമ്മേളിക്കുന്ന സഭയുടെ പാർലമെന്ററായ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനാണ് സ്ഥാനാർത്ഥിപട്ടികയിൽനിന്ന് നാലുപേരെ തെരഞ്ഞെടുക്കുന്നത്.

ഇവർ സ്ഥാനാർഥികൾ

ഫാ. അനീഷ് കെ.സാം കോട്ടയം സോഫിയാസെന്റർ പ്രോഗ്രാം സെക്രട്ടറി (ഇൻചാർജ്ജ്), തുമ്പമൺ ഭദ്രാസനത്തിലെ പത്തനംതിട്ട വകയാർ സെന്റ് മേരീസ് ഓർത്തഡോക്സ് വലിയ പള്ളി ഇടവകാംഗം.

ഫാ. എ. എൻ എൽദോസ്. പരുമല സെമിനാരി മാനേജർ, മലബാർ ഭദ്രാസനത്തിലെ മലപ്പുറം എടക്കര സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം.

ഫാ. സാംജി റ്റി. ജോർജ്ജ്. കൊല്ലം ശാസ്താംകോട്ട മാർ ഏലിയാ ചാപ്പൽ മാനേജർ. ചെങ്ങന്നൂർ ഭദ്രാസനത്തിലെ ആറാട്ടുപുഴ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം.

ഫാ. ഷിബു വേണാട് മത്തായി. ഫിലാഡെൽഫിയ ബെൻസാലയിൽ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളി വികാരി. സുൽത്താൻ ബത്തേരി ഭദ്രാസനത്തിലെ തമിഴ്നാട് നീലഗിരി താളൂർ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം.

ഫാ. തോമസ് പോൾ റമ്പാൻ. എറണാകുളം കീഴില്ലം ഉദയഗിരി മാർ ഗ്രീഗോറിയോസ് പള്ളി വികാരി. അങ്കമാലി ഭദ്രാസനത്തിലെ കോതമംഗലം മാർത്തോമ്മാ ചെറിയപള്ളി ഇടവകാംഗം.

ഫാ. യാക്കൂബ് തോമസ് റമ്പാൻ. ദേവലോകം അരമന മാനേജർ. അങ്കമാലി ഭദ്രാസനത്തിലെ അടിമാലി സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം.

മുളന്തുരുത്തിയിൽ നടക്കുന്ന മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനി അസോസ്സിയേഷന് പ്രാർത്ഥനാശംസകൾ

വേൾഡ് ഓർത്തഡോക്സ് ക്രിസ്ത്യൻ കോൺഗ്രസ്

: 9143322275

മലങ്കരസഭയ്ക്ക് ഒരേസമയം ഗുണവും ദോഷവുമായി ഭവിച്ച മുളന്തുരുത്തി സുന്നഹദോസ്

ഫാ. ഡോ. എം. ഒ.ജോൺ

ആമുഖം

ഇന്നേക്ക് 150 വർഷം മുമ്പ് 1876 ജൂൺ മാസം 27-ാം തീയതി മുതൽ 30-ാം തീയതി വരെ മുളന്തുരുത്തി മാർത്തോമ്മൻപള്ളിയങ്കണത്തിൽ പ.പത്രോസ് പാത്രിയർക്കീസ് ബാവായുടെ അദ്ധ്യക്ഷതയിൽ ചേർന്ന മലങ്കരസഭയിലെ പള്ളിപ്രതിപുരുഷയോഗമാണ് ചരിത്രപ്രസിദ്ധമായ മുളന്തുരുത്തി സുന്നഹദോസ്. മലങ്കരസഭയുടെ ചരിത്രത്തിൽ അതിനിർണ്ണായകമായ വഴിത്തിരിവാണ് മുളന്തുരുത്തി സുന്നഹദോസ് സൃഷ്ടിച്ചത്. മലങ്കരസഭയ്ക്കെതിരെ കൊടുങ്കാറ്റുപോലെ അടിച്ചുയർന്ന നവീകരണത്തിന് തടയിടുവാൻ ഒരുവശത്ത് സുന്നഹദോസിന് സാധിച്ചു. എന്നാൽ മറുവശത്ത് ഈ സുന്നഹദോസ് മൂലം മലങ്കരസഭയിൽ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാരം അരക്കിട്ടുറപ്പിക്കപ്പെട്ടു.

സുന്നഹദോസ് തീരുമാനപ്രകാരം രൂപീകരിക്കപ്പെട്ട മാനേജിംഗ് കമ്മിറ്റിയും മുളന്തുരുത്തി സുന്നഹദോസിനുശേഷമുണ്ടായ ഭദ്രാസനരൂപീകരണവും മെത്രാൻ വാഴ്ചയും മലങ്കരസഭയ്ക്ക് പുരോഗതിയുടെ പാത വെട്ടിത്തുറന്നു. അതേസമയം പാത്രിയർക്കീസിനെ പൂർണ്ണമായി അംഗീകരിക്കുന്ന അവസ്ഥയിലേക്ക് മലങ്കരസഭ എത്തിച്ചേർന്നു.

ചരിത്രപശ്ചാത്തലം

19-ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ മലങ്കരയിൽ വന്ന് പ്രവർത്തിച്ച സി.എം.എസ്., ആംഗ്ലിക്കൻ തുടങ്ങിയ പാശ്ചാത്യ മിഷനറിമാരുടെ സ്വാധീന ഫലമായി മലങ്കരസഭയിലും പാശ്ചാത്യ പ്രൊട്ടസ്റ്റന്റ് രീതിയിലുള്ള നവീകരണം വേണമെന്ന് പാലക്കുന്നത്ത് ഏബ്രഹാം മൽപാന്റെ നേതൃത്വത്തിൽ ഒരു വിഭാഗം മലങ്കര സഭാംഗങ്ങൾ ആവശ്യപ്പെട്ടു. മലങ്കര സഭയിലെ ഔദ്യോഗിക നേതൃത്വം അതിനെ എതിർത്തു. ചേപ്പാട്ടു ദീവന്നാസിയോസ് ആയിരുന്നു അക്കാലത്തെ മലങ്കര മെത്രാപ്പോലീത്ത. നവീകരണം ആവശ്യപ്പെട്ടവർ നവീകരണക്കാർ എന്ന് അറിയപ്പെട്ടു. നവീകരണക്കാർക്ക് മെത്രാൻ ഇല്ലായിരുന്നു. ആ കുറവ് പരിഹരിക്കുവാൻ ഏബ്രഹാം മൽപാൻ സ്വന്തം അനന്തിരവൻ മാത്യൂസ് ശെമ്മാശനെ മെത്രാൻ സ്ഥാനം പ്രാപിക്കുവാനായി അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അടുക്കലേക്കയച്ചു. മാത്യൂസ് ശെമ്മാശന് അന്ത്യോഖ്യൻ പാത്രിയർക്കീസ് മാത്യൂസ് മാർ അത്താനാസിയോസ് എന്ന പേരിൽ മെത്രാൻ സ്ഥാനം നൽകി. മെത്രാൻ സ്ഥാനം പ്രാപിച്ച് തിരിച്ചു വന്ന അദ്ദേഹം മലങ്കര സഭയുടെ നേതൃത്വം അവകാശപ്പെടുകയും രാഷ്ട്രീയ സ്വാധീനത്തിന്റെ പിൻബലത്തിൽ 1852-ൽ മലങ്കര മെത്രാൻ സ്ഥാനം നേടിയെടുക്കുകയും ചെയ്തു. അധികം താമസിയാതെ ചേപ്പാട്ട് ദീവന്നാസിയോസ് നിര്യാതനായി. അത്താനാസിയോസ് മലങ്കര മെത്രാപ്പോലീത്തയായി പ്രവർത്തിച്ചുകൊണ്ടിരുന്നപ്പോൾ അദ്ദേഹത്തിനെതിരായി നവീകരണത്തെ എതിർക്കുന്ന കക്ഷിയും പാത്രിയർക്കീസിനെ സമീപിച്ചു. പാത്രിയർക്കീസ് അവരുടെ നേതാവായ പുലിക്കോട്ടിൽ ജോസഫ് കത്തനാരെ ജോസഫ് മാർ ദീവന്നാസിയോസ് എന്ന പേരിൽ 1865-ൽ മെത്രാനായി വാഴിച്ചു.

മാർ അത്താനാസിയോസിൽ നിന്ന് മലങ്കര സഭാ നേതൃത്വം പിടിച്ചെടുക്കുവാൻ ജോസഫ് മാർ ദീവന്നാസിയോസ് ആവുന്നതെല്ലാം ചെയ്തെങ്കിലും പരാജയപ്പെട്ടു. ഈ സാഹചര്യത്തിൽ ജോസഫ് മാർ ദീവന്നാസിയോസ് അന്ത്യോഖ്യാ പാത്രിയർക്കീസിനെ തന്നെ മലങ്കരയിലേക്ക് ക്ഷണിച്ചുവരുത്തി തന്റെ ലക്ഷ്യം സാധിച്ചെടുക്കുവാൻ ശ്രമിച്ചു. 1875-ൽ പ.പത്രോസ് മൂന്നാമൻ പാത്രിയർക്കീസ് മലങ്കരയിലെത്തി.

നവീകരണക്കാരെ നേരിടുന്നതിൽ ജോസഫ് മാർ ദീവന്നാസിയോസിനെയും കൂട്ടരെയും പത്രോസ് പാത്രിയർക്കീസ് സഹായിച്ചു. തുർക്കിയിലും ഇംഗ്ലണ്ടിലും തിരുവിതാംകൂറിലും പാത്രിയർക്കീസ് ആർജ്ജിച്ചെടുത്ത രാഷ്ട്രീയ സ്വാധീനം മൂലം മാർ അത്താനാസിയോസിന് അനുകൂലമായുണ്ടായിരുന്ന തിരുവെഴുത്തു വിളംബരം റദ്ദാക്കിച്ചു. സുറിയാനി ക്രിസ്ത്യാനികളുടെ മെത്രാപ്പോലീത്തമാരെക്കുറിച്ചു തർക്കമുണ്ടായാൽ മേലിൽ നീതിന്യായ കോടതികളെ സമീപിച്ച് അതിനു പരിഹാരം കണ്ടുകൊള്ളണമെന്നും സർക്കാർ ഉത്തരവായി.

മാത്യൂസ് അത്താനാസിയോസ് അഥവാ മലങ്കര മെത്രാപ്പോലീത്താ സ്ഥാനി കോടതികളുടെ തീരുമാനങ്ങൾക്ക് അതീതനും രാജാവിനാൽ സംരക്ഷിതനും ആണ് എന്ന നിലയ്ക്ക് തന്മൂലം മാറ്റമുണ്ടായി. അതു പാത്രിയർക്കീസിന്റെ വിജയമായിരുന്നു. പാത്രിയർക്കീസിന്റെ സ്വാധീനവും നവീകരണത്തോട് പൊതുവെ നിലനിന്നിരുന്ന എതിർപ്പുംമൂലം മലങ്കരയിലെ എഴുപത് ശതമാനം ആളുകളും പള്ളികളും മാർ ദീവന്നാസിയോസിനെയും പാത്രിയർക്കീസിനെയും അനുകൂലിച്ചു നിന്നു. കോട്ടയം മുതൽ കൊട്ടാരക്കര വരെയുള്ള സ്ഥലങ്ങളിൽ, പ്രത്യേകിച്ച് മധ്യതിരുവിതാംകൂറിലായിരുന്നു നവീകരണ വിഭാഗത്തിന് കുറെയെങ്കിലും സ്വാധീനം ഉണ്ടായിരുന്നത്. എന്നാൽ മലങ്കര സഭയുടെ വടക്കൻ മേഖലകൾ പാത്രിയർക്കീസിനോട് അതീവഭക്തി പുലർത്തി നിലനിന്നു. നവീകരണത്തിന്റെ സ്വാധീനം അവിടെ സാരമായി ഉണ്ടായില്ല. നവീകരണത്തെ എതിർക്കുന്നതുപോലെതന്നെ സ്വന്ത അധികാരം മലങ്കരയിൽ സ്ഥാപിക്കുക എന്നതും പാത്രിയർക്കീസിന്റെ ലക്ഷ്യമായിരുന്നു എന്ന് അക്കാലത്ത് അരങ്ങേറിയ സംഭവങ്ങൾ സൂചിപ്പിക്കുന്നു.

മുളന്തുരുത്തി സുന്നഹദോസ്

1876 മിഥുനം 15,16,17 (ജൂൺ 27-30) തീയതികളിലാണ് മുളന്തുരുത്തി സുന്നഹദോസ് നടന്നത്. അന്ന് മലങ്കരയിൽ ഏകദേശം 180 പള്ളികൾ ഉണ്ടായിരുന്നു. അതിൽ 102 പള്ളികളിൽനിന്നുള്ള പ്രതിനിധികളാണ് സുന്നഹദോസിൽ സംബന്ധിച്ചത്. അതായത് നാൽപത് ശതമാനത്തോളം പള്ളികൾ സുന്നഹദോസിൽ സംബന്ധിച്ചില്ല. സംബന്ധിക്കാതെയിരുന്ന പള്ളികൾ പലതും നവീകരണക്കാരുടെ സ്വാധീനത്തിലായിരുന്നു. ചിലരൊക്കെ ഇപ്രകാരം ഒരു സുന്നഹദോസ് വിളിച്ചുകൂട്ടുവാനുള്ള പാത്രിയർക്കീസിന്റെ അധികാരത്തെ തന്നെ ചോദ്യം ചെയ്യുകയും ചെയ്തു.

സുന്നഹദോസ് പ്രധാനമായും 18 നിശ്ചയങ്ങൾ പാസ്സാക്കുകയും അതിൽ 102 പള്ളികളിലെ പ്രതിനിധികളും ദീവന്നാസിയോസ് മെത്രാപ്പോലീത്തായും ഒപ്പുവെയ്ക്കുകയും ചെയ്തു. നിശ്ചയങ്ങൾ എഴുതിയ എല്ലാ കടലാസുകളിലും പാത്രിയർക്കീസ് ബാവാ രണ്ടുവരിയായി പേരെഴുതി അടയാളപ്പെടുത്തുകയുണ്ടായി.

നവീകരണക്കാർ (മാർത്തോമ്മാ സഭ) ക്കെതിരായുള്ള ആയോധനത്തിൽ മലങ്കരസഭാനേതൃത്വത്തെ ശക്തീകരിക്കുവാൻ സുന്നഹദോസിനു സാധിച്ചു. മലങ്കര അസ്സോസിയേഷനും മാനേജിംഗ് കമ്മറ്റിയും സംഘടിപ്പിക്കുവാനും കോടതി വ്യവഹാരങ്ങളിൽ ശക്തമായ നിലപാട് സ്വീകരിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാനും അതിന്റെ ചിലവിലേക്ക് പണം വാങ്ങി അസോസിയേഷനിലേക്ക് അംഗങ്ങളെ ചേർക്കണമെന്നു തീരുമാനിക്കുവാനും സുന്നഹദോസിനു സാധിച്ചു.

വിശ്വാസപരമായ കാര്യത്തിൽ മലങ്കരസഭയുടെ വിശ്വാസം അന്ത്യോഖ്യൻ സുറിയാനി സഭയുടെ വിശ്വാസമാണെന്ന് സുന്നഹദോസ് പ്രഖ്യാപിച്ചു. യാക്കോബായ സഭ എന്ന പുതിയപേരും സ്വീകരിച്ചു. മലങ്കരസഭയ്ക്ക് പുരാതന കാലം മുതലെ അന്ത്യോഖ്യൻ സുറിയാനി സഭയുമായി ബന്ധം ഉണ്ടായിരുന്നുവെന്നും അന്ത്യോഖ്യൻ പാത്രിയർക്കീസിന്റെ അധീശത്വവും അധികാരവും മലങ്കരസഭയിൽ വ്യാപരിച്ചിരുന്നുവെന്നും പാത്രിയർക്കീസ് സുന്നഹദോസിൽ പ്രഖ്യാപിച്ചു. പാത്രിയർക്കീസിന്റെ അധികാരം സമ്മതിച്ച് ഉടനടി എഴുതിക്കൊടുക്കുവാനും പാത്രിയർക്കീസ് ആവശ്യപ്പെട്ടു. നവീകരണക്കാരെ സഭയിൽ നിന്നും പുറത്താക്കുവാൻ ഇത് ആവശ്യമായിരുന്നു. അവർ പാത്രിയർക്കീസിന്റെ അധികാരത്തെ ചോദ്യം ചെയ്തു. അപ്പോൾ യഥാർത്ഥ മലങ്കര സഭ പാത്രിയർക്കീസിനെ അനുസരിക്കുന്ന സഭയാണ് എന്ന് പറയേണ്ടത് മലങ്കരസഭാ നേതൃത്വത്തിന്റെയും ആവശ്യമായിരുന്നു. നവീകരണക്കാർ കയ്യടക്കിവച്ചിരുന്ന പള്ളികളും സഭാസ്വത്തുക്കളും പിടിച്ചെടുക്കുവാനും നവീകരണക്കാരെ സഭയിൽ നിന്നു പുറത്താക്കുവാനും കോടതി വ്യവഹാരത്തിൽ ജയിക്കുവാനും വേണ്ടിയാണ് മലങ്കരസഭ ഇപ്രകാരം ചെയ്തത് എന്നു വ്യക്തമാണ്.'

അധികാരം സ്ഥാപിക്കുവാൻ പാത്രിയർക്കീസു ചെയ്ത കാര്യങ്ങൾ

മലങ്കരയിലെത്തിയ അന്ത്യോഖ്യാ പാത്രിയർക്കീസ് സ്വന്ത അധികാരം ഇവിടെ സ്ഥാപിക്കുവാൻ വേണ്ടി പല കാര്യങ്ങളും ചെയ്തു. അധികാരസ്ഥാപനത്തിനു വേണ്ടി അദ്ദേഹം ചെയ്ത കാര്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടവയാണ് സുന്നഹദോസ് നിശ്ചയങ്ങൾ.

മുളന്തുരുത്തി സുന്നഹദോസ് മലങ്കരസഭമേൽ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാരം ഔദ്യോഗികമായി അംഗീകരിക്കുകയും അന്ത്യോഖ്യൻ സുറിയാനി സഭയോടും പാത്രിയർക്കീസിനോടും വിധേയത്വം കാണിക്കുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

നവീകരണത്തിനെതിരായി യാക്കോബായ വിശ്വാസത്തിൽ ജനങ്ങളെ ഉറപ്പിക്കുവാൻ വേണ്ടിയാണ് മുളന്തുരുത്തി സുന്നഹദോസ് കൂടുന്നതെന്ന് സുന്നഹദോസ് വിളിച്ചുകൂട്ടിക്കൊണ്ട് പുറപ്പെടുവിച്ച കൽപനയിൽ പാത്രിയർക്കീസ് പറഞ്ഞു. അന്ത്യോഖ്യൻ സഭയുടെ വിശ്വാസമാണ് സ്തുതി ചൊവ്വാക്കപ്പെട്ട വിശ്വാസം അഥവാ സത്യവിശ്വാസം എന്ന് പാത്രിയർക്കീസ് ചൂണ്ടിക്കാണിച്ചു. സത്യവിശ്വാസത്തിൽ നിന്ന് സഭാംഗങ്ങൾ വ്യതിചലിച്ച് പോകാതിരിക്കുവാനായി പാത്രിയർക്കീസിന്റെ കൽപനകളെ അനുസരിക്കുന്ന ഒരു സമ്മത പത്രം എഴുതി കയ്യൊപ്പ് വെച്ച് കൊടുക്കണമെന്നും സുന്നഹദോസിൽ പാത്രിയർക്കീസ് ആവശ്യപ്പെട്ടു. അതിൻപ്രകാരം സുന്നഹദോസ് താഴെപ്പറയുന്ന സുപ്രധാന തീരുമാനങ്ങൾ സ്വീകരിച്ചു.

1.അന്ത്യോഖ്യായുടെ സിംഹാസനത്തിങ്കലെ ചൊല്ലുവിളിക്കും സ്തുതി ചൊവ്വാകപ്പെട്ട യാക്കോബായ സുറിയാനി വിശ്വാസത്തിനും വിപരീതം ഒരിക്കലും ഉണ്ടാകാതിരിപ്പാൻ' മലങ്കരയിലുള്ള എല്ലാ ഇടവകകളും പാത്രിയർക്കീസിന് ഓരോ രജിസ്ട്രേഡ് ഉടമ്പടി എഴുതിക്കൊടുക്കണമെന്ന് സുന്നഹദോസ് തീരുമാനിച്ചു.

2.ഓരോ ഇടവകയിലേയും വിശ്വാസികളുടെ സ്ഥിതി വിവരക്കണക്കെന്നും പ്രായപൂർത്തിയായ പുരുഷന്മാരെല്ലാം പാത്രിയർക്കീസിന് റീശ്ശീസ്സാ (തലവരിപ്പണം) കൊടുക്കണമെന്നും നിശ്ചയിച്ചു.

3.യാക്കോബായ വിശ്വാസത്തിന്റെ സ്ഥിരതയ്ക്കുവേണ്ടി സഭാ നടപടികളും കാനോനുകളും അടങ്ങുന്ന പുസ്തകങ്ങൾ എല്ലാ പള്ളികൾക്കും അച്ചടിപ്പിച്ചു കൊടുക്കുവാനും അതനുസരിച്ച് ഇനിയും നടന്നുകൊള്ളണമെന്നും നിശ്ചയിച്ചു.

4.സുന്നഹദോസ് സമയത്തും അതിനുമുമ്പും മലങ്കരയിൽ ഒരു മെത്രാൻമാത്രമേ ഉണ്ടായിരുന്നുള്ളൂ. 'മെത്രാന്മാരുടെ ഏകനായകത്വത്തിന്റെ ശക്തി' കുറയ്ക്കുവാനും ഒരു പൊതുമുതൽ ഉണ്ടാക്കുവാനും വേണ്ടി പാത്രിയർക്കീസ് പേട്രനും, മെത്രാപ്പോലീത്താ പ്രസിഡന്റും ആയി സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ എന്ന ഒരു സംഘടന ഉണ്ടാക്കുവാൻ തീരുമാനിച്ചു. ധനശേഖരണത്തിനായി കാശുപിരിച്ച് അസോസിയേഷനിൽ അംഗങ്ങളെ ചേർക്കണമെന്നും നിശ്ചയിച്ചു.

5.'മലയാളത്തിൽ മേലദ്ധ്യക്ഷന്മാരുടെ ഏകനായക ശക്തിക്ക് എതിരായ ശക്തിയില്ലായ്മ നിമിത്തം സഭയ്ക്ക് ദോഷം സംഭവിച്ചിരിക്കയാൽ' മെത്രാപ്പോലീത്തായോടു കൂടെ പ്രവർത്തിക്കുവാൻ (മലങ്കര മെത്രാപ്പോലീത്തായെ നിയന്ത്രിക്കാനുമാവാം) ഒരു കമ്മിറ്റി (മാനേജിംഗ് കമ്മിറ്റി) ഉണ്ടാക്കണമെന്നും യോഗം നിശ്ചയിച്ചു.

മുകളിൽ പറഞ്ഞ എല്ലാ തീരുമാനങ്ങളും പാത്രിയർക്കീസിന്റെ അധികാരം സ്ഥാപിക്കുന്നതും പ്രത്യേകിച്ച് അവസാനത്തെ രണ്ടെണ്ണം മലങ്കര മെത്രാപ്പോലീത്തായുടെ പ്രവൃത്തികൾക്ക് കടിഞ്ഞാണിടുന്നതും ആയിരുന്നു. അങ്ങനെയുള്ള തീരുമാനങ്ങൾ ഉണ്ടാകണമെന്ന് പാത്രിയർക്കീസ് ആഗ്രഹിക്കുകയും അതിനു വേണ്ടതൊക്കെ കമ്മറ്റി ചെയ്യുകയുമുണ്ടായി.

മെത്രാപ്പോലീത്തായുടെ അധികാരം നിയന്ത്രിക്കുക എന്നത്, പാത്രിയർക്കീസിന്റെ മാത്രം താൽപര്യമായിരുന്നു എന്ന് പറയുവാൻ സാധിക്കുകയില്ല. അക്കാലത്ത് മെത്രാന്മാർ വളരെ ശക്തിയും അധികാരവും കയ്യാളിയിരുന്നു. ഇത് മലങ്കരയിലെ എല്ലാ വൈദികർക്കും അത്മായ നേതാക്കന്മാർക്കും ഒരുപോലെ തൃപ്തികരമായിരുന്നുവെന്നും പറയുവാൻ വയ്യ. നവീകരണ വിഭാഗം അതിന്റെ രൂപവൽക്കരണം മുതൽ ഒരു ജനാധിപത്യ ഭരണ രീതിക്കാണ് ഊന്നൽ കൊടുത്തത്. അപ്രകാരം ഒരു രീതി മലങ്കരസഭയിൽ ഉണ്ടാകണമെന്ന് മലങ്കരസഭയിലും ചിലരെങ്കിലും ആഗ്രഹിച്ചിട്ടുണ്ടാവാം. ദീവന്നാസിയോസിന്റെ അധികാരം നിയന്ത്രിക്കുന്ന കാര്യത്തിൽ അവരുടെ പിന്തുണയും പാത്രിയർക്കീസു കരസ്ഥമാക്കിയിരിക്കണം.

അസോസിയേഷൻ അംഗങ്ങളുടെയും കമ്മറ്റി അംഗങ്ങളുടെയും പേരുവിവരം പ.പിതാവ് അംഗീകരിച്ച് സുന്നഹദോസ് മുമ്പാകെ വായിച്ചു. കൊല്ലം തോറും സമൂഹം കൂടി കമ്മറ്റിക്കാരുടെ വരവുചെലവു കണക്കും റിപ്പോർട്ടും വായിച്ചുകേട്ട് അംഗീകരിച്ച് ഒരു കോപ്പി പാത്രിയർക്കീസിന് അയച്ചുകൊടുക്കണമെന്നും സുന്നഹദോസ് തീരുമാനിച്ചു. സുറിയാനി സമുദായത്തിന് പള്ളിവകയായും, പൊതുവകയായും ഉള്ള മുതലിന്റെ നടത്തിപ്പിനെപ്പറ്റി ചട്ടങ്ങൾ ഉണ്ടാക്കുക, ആയവ ഭേദപ്പെടുത്തുക പള്ളികളുടെ അറ്റകുറ്റപ്പണി മുതലായവ നടത്തുക പാത്രിയർക്കീസിന് റീശ്ശീസ്സാ പിരിച്ച് അയയ്ക്കുക, മെത്രാപ്പോലീത്തായ്ക്ക് കൈമുത്തവകാശം കൊടുക്കുക, ആണ്ടടക്കം ഇടവകപ്പള്ളികളുടെ വരവുചെലവുകണക്കുകൾക്ക് അംഗീകാരം നൽകുക, സ്ഥാവര ജംഗമ വസ്തുക്കളുടെ കൈകാര്യത്വത്തിനുള്ള അന്തിമാധികാരം ഉണ്ടായിരിക്കുക തുടങ്ങി സുറിയാനി സമൂഹം വക എല്ലാക്കാര്യങ്ങളുടെയും കൈകാര്യകർത്താക്കൾ കമ്മിറ്റിക്കാരായിരിക്കണമെന്നും മുളന്തുരുത്തി സുന്നഹദോസ് നിശ്ചയിച്ചു.

സുന്നഹദോസ് നടപടികൾ പാത്രിയർക്കീസ് നിയന്ത്രിച്ചു. സുന്നഹദോസിന്റെ ഓരോ നിശ്ചയവും സുറിയാനിയിൽ പരിഭാഷപ്പെടുത്തി പാത്രിയർക്കീസിനെ വായിച്ചുകേൾപ്പിച്ച് അംഗീകാരം വാങ്ങിയാണ് മുമ്പോട്ട് പോയതെന്ന് പരുമല മാർ ഗ്രിഗോറിയോസ് തിരുമേനി സെമിനാരിക്കേസിൽ കോടതിയിൽ ഹാജരായി മൊഴികൊടുത്തിട്ടുണ്ട് പാത്രിയർക്കീസിന്റെ താൽപര്യ സംരക്ഷണാർത്ഥം യുക്തമായ രീതിയിലുള്ള തിരുത്തലുകൾ വരുത്തിയായിരിക്കണം നിശ്ചയങ്ങൾ പാസ്സാക്കിയതെന്നും ന്യായമായി അനുമാനിക്കാം. സുന്നഹദോസ് കഴിഞ്ഞ് ഏകദേശം ഒൻപതുമാസം പാത്രിയർക്കീസ് മലങ്കരയിൽ താമസിച്ചു. പാത്രിയർക്കീസിന്റെ അധികാരം അംഗീകരിച്ചുകൊണ്ടുള്ള സുന്നഹദോസ് നിശ്ചയങ്ങൾ നടപ്പാക്കാമെന്ന് പാത്രിയർക്കീസ് പ്രതീക്ഷിച്ചെങ്കിലും കാര്യമായൊന്നും നടന്നില്ല. പാത്രിയർക്കീസിന്റെ അധികാരത്തെ അംഗീകരിക്കുന്ന ഉടമ്പടികൾ എഴുതി രജിസ്ട്രർ ചെയ്തു കൊടുക്കുവാൻ ഭൂരിപക്ഷം ഇടവകകളും വിസമ്മതിച്ചു. എന്നാൽ പന്ത്രണ്ട് ഇടവകകളിൽ നിന്ന് പാത്രിയർക്കീസ് നേരിട്ട് രജിസ്റ്റേർഡ് ഉടമ്പടികൾ എഴുതി വാങ്ങിച്ചു.

മലങ്കര മെത്രാപ്പോലീത്തായോട് പാത്രിയർക്കീസിനെ അംഗീകരിച്ചുകൊണ്ടും വിധേയത്വം പ്രഖ്യാപിച്ചുകൊണ്ടുമുള്ള ഉടമ്പടി ആവശ്യപ്പെട്ടെങ്കിലും മാർ ദീവന്നാസിയോസ് അത് കൊടുക്കുവാൻ തയ്യാറായില്ല. 'കണക്കുകൂട്ടലിൽ തെറ്റുപറ്റിയെന്നും സുന്നഹദോസ് നടത്തിയതുകൊണ്ട് താൻ ഉദ്ദേശിച്ച ഫലം സിദ്ധിക്കുന്നില്ല എന്നും മനസിലായപ്പോൾ പത്രോസ് തൃതീയൻ പ്രവർത്തനനിരതനായി.

ഈ പശ്ചാത്തലത്തിലാണ് മലങ്കരസഭയെ ഏഴ് ഭദ്രാസനങ്ങളായി വിഭജിക്കുവാനും പുതുതായി ആറു മെത്രാന്മാരെ വാഴിക്കുവാനും പാത്രിയർക്കീസ് സ്വയമേവ തീരുമാനിച്ചത്. മലങ്കരസഭയിൽ അധികാരം സ്ഥാപിക്കുവാൻ മുളന്തുരുത്തി സുന്നഹദോസിനുശേഷം ഉടനെതന്നെ പാത്രിയർക്കീസ് ചെയ്ത കാര്യമാണ് ഭദ്രാസന രൂപവൽകരണവും മെത്രാൻ വാഴ്ചയും.

മുളന്തുരുത്തി സുന്നഹദോസു മൂലം ഉദ്ദേശിച്ച ഫലം ലഭ്യമാകുന്നില്ല എന്ന് കണ്ടപ്പോൾ മലങ്കരയിൽ സ്വന്ത അധികാര സ്ഥാപനത്തിനുവേണ്ടി പാത്രിയർക്കീസ് സ്വയം കൈക്കൊണ്ട ഒരു നടപടിയാണ് ഭദ്രാസന രൂപീകരണവും പുതിയ മെത്രാൻ വാഴ്ചയും.

മുളന്തുരുത്തി സുന്നഹദോസിന്റെ സമയത്ത് മലങ്കരയിൽ വിപുലമായ അധികാരങ്ങൾ കൈയാളിയിരുന്ന വ്യക്തിയായിരുന്നു മലങ്കര മെത്രാപ്പോലീത്ത. ദീവന്നാസിയോസ് ഒന്നാമൻ (മാർതോമാ ആറാമൻ) ചേപ്പാട്ട് മാർ ദീവന്നാസിയോസ്. പാലക്കുന്നത്ത് മത്യൂസ് മാർ അത്താനാസിയോസ്, പുന്നത്ര മാർ ദീവന്നാസിയോസ് തുടങ്ങിയ മലങ്കര മെത്രാന്മാർ വിപുലമായ അധികാരാവകാശങ്ങൾ കൈകാര്യം ചെയ്തിരുന്ന

ശേഷം പേജ് 4ൽ

വീണ്ടും ചില മുളന്തുരുത്തി സുന്നഹദോസ് കാര്യങ്ങൾ

ഡോ. എം. കുര്യൻ തോമസ്

1889-ൽ സെമിനാരി കേസിലെ റോയൽ കോർട്ടു വിധിമുതൽ 2017-ൽ മൂന്നാം സമുദായ കേസിലെ ഇന്ത്യൻ സുപ്രീം കോടതിയുടെ അന്തിമ വിധിവരെയുള്ള വ്യവഹാര വിജയങ്ങൾ, 1934-ലെ മലങ്കര സഭാ ഭരണഘടന ഇവയ്ക്കൊക്കെയും പൊതുവായ ഒരു അടിസ്ഥാനമുണ്ട്. 1876-ലെ മുളന്തുരുത്തി സുന്നഹദോസ്. മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനും അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയും രൂപീകരിച്ച '*മുളന്തുരുത്തി സുന്നഹദോസ്*' എന്നറിയപ്പെടുന്ന മലങ്കര പള്ളിയോഗത്തിന് 2026 ജൂൺ 27-30 തീയതികളിൽ 150 വർഷം തികഞ്ഞു. അന്ത്യോഖ്യാ പാത്രിയർക്കീസായ പ. ഇഗ്നാത്തിയോസ് പത്രോസ് ത്രിതീയന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഈ മഹത് സംഭവത്തിന്റെ സൂത്രധാരകൻ ആധിനിക മലങ്കരസഭയ്ക്ക് ആത്മീയവും ലൗകീകവുമായ അടിസ്ഥാനമുറപ്പിച്ച പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് അഞ്ചാമൻ മലങ്കര മെത്രാപ്പോലീത്താ ആയിരുന്നു.

'*എടത്തിലെ മര്യാദ*' എന്നറിയപ്പെട്ടിരുന്ന അലിഖിത നിയമങ്ങൾ ആയിരുന്നു നസ്രാണികളുടെ ഭരണഘടനയും കാനോനും. ഈ നിലയ്ക്ക് ഒരു മാറ്റം വന്ന് വ്യവസ്ഥാപിതമായ ഒരു ഭരണ സംവിധാനം ഉണ്ടാകണമെന്ന ആഗ്രഹം പതിനെട്ടാം നൂറ്റാണ്ടിന്റെ പ്രാരംഭം മുതൽ നസ്രാണികളിൽ മുളപൊട്ടി. ഏകീകൃതവും ലിഖിതവുമായ ഒരു ഭരണഘടനയിലേയ്ക്കുള്ള നസ്രാണികളുടെ ആദ്യ ചുവടുവയ്പ്പായിരുന്നു '*1809-ലെ കണ്ടനാട് പടിയോല.*' ലിഖിത ഭരണഘടനയിലേയ്ക്കുള്ള അടുത്ത ചുവടുവെയ്പ്പായിരുന്നു '*1853-ലെ ചട്ടവര്യോല.*' 1853 ഫെബ്രുവരി 14-ന് കോട്ടയം പഴയ സെമിനാരിയിൽ '*മലങ്കര പള്ളിയോഗം* ചേർന്നത് ഒരു ലിഖിത ഭരണഘടന അംഗീകരിയ്ക്കാൻ മാത്രമായിരുന്നു.

പക്ഷേ 1809-ലോ 1853-ലോ നസ്രാണികളുടെ കേന്ദ്രീകൃത ഭരണത്തെക്കുറിച്ച് ഒരു തീരുമാനവും ഉണ്ടായിട്ടില്ല. ഭരിക്കുവാൻ പഴയ സെമിനാരിയും വട്ടിപ്പണത്തിന്റെ പലിശയുമൊഴിക ഭരിക്കുവാൻ പൊതുവായി ഒന്നും ഉണ്ടായിരുന്നില്ല എന്നതായിരുന്നു വാസ്തവം. ഈ സ്ഥിതിക്ക് മാറ്റംവന്നത് 1869-ലാണ്. ആ വർഷമാണ് 1840-ലെ കൊച്ചി പഞ്ചായത്ത് വിധിപ്രകാരം നസ്രാണികൾക്ക് ലഭിക്കേണ്ട തുകയും വട്ടിപ്പണ പലിശയുടെ കുടിശിഖയും ചേർത്ത് ഭീമമായ ഒരു തുക നസ്രാണികളുടെ കൈകളിലെത്തിയത്. അതോടെ '*ഭരിക്കുവാൻ മുതലുണ്ടായി.*' അതോടെ ഏതെങ്കിലും തരത്തിലുള്ള ഒരു കേന്ദ്രഭരണ സംവിധാനം അനിവാര്യമായി. ഈ സാഹചര്യത്തിൽ 1869 ഒക്ടോബർ 21-ന് പഴയ സെമിനാരിയിൽ മലങ്കര പള്ളിയോഗം വിളിച്ചുകൂട്ടി. ടി. യോഗം, '*...സിമ്മനാരി ഇടപെട്ടും, സഭ ഇടപെട്ടുംഉള്ള കാര്യ്യം വിഴ്ച കൂടാതെയും, ദീർഗമായും നടപ്പാക്കാൻ വേണ്ടി, ഈ സഭയ്ക്ക ഇനിമെൽ ഒരു ആലൊചനകൂട്ടം വെണ്ടിരിക്കുന്നു. ആ കൂട്ടം, മെല്പട്ടക്കാറരും, പട്ടക്കാറരും, ജെനങ്ങളുമായി ഇരിയ്ക്കണം...*' എന്നു നിശ്ചയിച്ചു.

മലങ്കര നസ്രാണികൾക്ക് ഒരു കേന്ദ്ര ഭരണ സംവിധാനം ഉണ്ടാക്കുന്നതിനുള്ള ആദ്യ നടപടിയായി 1869-ൽ '*ആലൊചന കൂട്ടം*' രൂപീകരിച്ചതിനെ കണക്കാക്കാം. പക്ഷേ ഈ ആലൊചനകൂട്ടത്തിന് ഗുരുതരമായ ഒരു പാകപ്പിഴ ഉണ്ടായിരുന്നു. ആലോചനക്കൂട്ടത്തിന്റെ അദ്ധ്യക്ഷന് തീരുമാനങ്ങൾ നടപ്പിലാക്കാനുള്ള അധികാരം (Execution Authority) ഇല്ലാതിരുന്നതിനാൽ ആലോചനക്കൂട്ടം ശുപാർശ ചെയ്യാൻ മാത്രം അവകാശമുള്ള വെറുമൊരു ആലോചനാ സമതി മാത്രമായിരുന്നെന്നും, യഥാർത്ഥ അധികാരം മലങ്കര മെത്രാനിൽ മാത്രം കേന്ദ്രീകരിച്ചിരുന്നു എന്നും വ്യക്തമാണ്. 1870-നു ശേഷം ആലോചനക്കൂട്ടം പ്രവർത്തിച്ചുമില്ല.

1846-ൽ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം ലഭിച്ചതുമുതൽ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിന്റെ പേരിലുള്ള പ്രധാന ആരോപണങ്ങളിലൊന്ന് അദ്ദേഹത്തിന്റെ ഏകാധിപത്യ പ്രവണത ആയിരുന്നു. 1865-ൽ മെത്രാൻ സ്ഥാനം ഏറ്റുവന്നതുമുതൽ മലങ്കര മെത്രാൻ സ്ഥാനത്തിനു വേണ്ടി അദ്ദേഹവുമായി സമരത്തിലായിരുന്ന മാർ ദീവന്നാസ്യോസ് അഞ്ചാമന് പൊതുസഭയെ പ്രതിനിധീകരിച്ച് വ്യവഹാരത്തിൽ ഏർപ്പെടാൻ പോലും '*രാജകീയ വിളംബരം*' മൂലം സാദ്ധ്യമായിരുന്നില്ല.

ഏകാധിപത്യത്തിന് എതിരായ ജനകീയ അസ്വസ്ഥതകൾ തിരിച്ചറിഞ്ഞ മാർ ദീവന്നാസ്യോസ്, 1869-ലെ സെമിനാരി പടിയോലയുടെ പരാജയവും ദൗർബല്യവും മനസിലാക്കി. '*മെത്രാന്മാരുടെ ഏകനായകത്വത്തിന്റെ ശക്തിക്ക് എതിരായ ശക്തി നസ്രാണികൾക്ക് ഇല്ലാത്തതിന്റെ ദോഷങ്ങൾ*' അന്ന് പരക്കെ ചർച്ചാ വിഷയമായിരുന്നു. ഈ കുറവുകൾ പരിഹരിച്ച് നസ്രാണികൾക്ക് ഒരു ആധുനിക ചട്ടക്കൂട് ഉണ്ടാക്കുന്നത് പലവിധത്തിൽ പ്രയോജനം ചെയ്യുമെന്ന് അദ്ദേഹം മനസിലാക്കി.



ഈ സാഹചര്യത്തിലാണ് മാർ ദീവന്നാസ്യോസ് 1873 സെപ്റ്റംബർ 8-ന് പരുമല സെമിനാരിയിൽ മലങ്കര പള്ളിയോഗം വിളിച്ചുകൂട്ടുന്നതും '*കൊച്ചി - തിരുവിതാംകൂർ സുറിയാനി ക്രൈസ്തവാനി അസൊസെഷ്യൻ*' രൂപീകരിക്കുന്നതും. അസോസിയേഷൻ അംഗീകരിക്കാത്ത മെത്രാന്മാരെ സ്വീകരിക്കില്ലന്നും, ആവശ്യമായി വരുന്ന ചട്ടങ്ങൾ ഉണ്ടാക്കുവാൻ അസോസിയേഷന് അധികാരമുണ്ട് എന്നും പരുമലയോഗം തീരുമാനിച്ചിരുന്നു. അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയിലെ അംഗങ്ങൾ നാല് കത്തനാരുമാരും എട്ട് അവൈദീകരും ആയിരുന്നു.

പക്ഷേ പരുമല പള്ളിയോഗത്തിന് ഗുരുതരമായ ഒരു സാങ്കേതിക പിഴവ് ഉണ്ടായിരുന്നു. '*എടത്തിലെ മര്യാദ*' അനുസരിച്ച് ജാതിക്കു തലവനു (മലങ്കര മെത്രാൻ) മാത്രമാണ് മലങ്കര പള്ളിയോഗം വിളിച്ചു കൂട്ടാനുള്ള അധികാരം ഉള്ളത്. അക്കാലത്ത് പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് ആയിരുന്നു മലങ്കര മെത്രാൻ. അതിനാൽ മാർ ദീവന്നാസ്യോസ് വിളിച്ചുകൂട്ടിയ പരുമലയോഗത്തിനോ അതിന്റെ നിശ്ചയങ്ങൾക്കോ നിയമ സാധുത ഇല്ലായിരുന്നു.

മാർ അത്താനാസ്യോസിനെ മലങ്കര മെത്രാനായി അംഗീകരിച്ചുകൊണ്ടുള്ള രാജകീയ വിളംബരം നിലനിൽക്കുന്നിടത്തോളം കാലം അദ്ദേഹത്തിനെതിരായ ഒരു നിയമ നടപടിയും ഫലപ്രദമാകില്ല എന്ന് മാർ ദീവന്നാസ്യോസിന് മനസിലായി. അതു പിൻവലിപ്പിക്കാനുള്ള ശ്രമങ്ങൾ എല്ലാം പരാജയപ്പെട്ടതോടെ അന്ത്യോഖ്യാ പാത്രിയർക്കീസിനെ കേരളത്തിലെത്തിച്ച് ഒരു ശ്രമം നടത്താൻ മാർ ദീവന്നാസ്യോസ് തീരുമാനിച്ചു. '*അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ നിയമനം*' എന്ന അവകാശവാദത്തിന്റെ പിൻബലത്തിൽ മലങ്കര മെത്രാൻ സ്ഥാനംലഭിച്ച മാർ അത്താനാസ്യോസിനു ലഭിച്ച രാജകീയ വിളംബരം പാത്രിയർക്കീസ് നേരിട്ട് ആവശ്യപ്പെട്ടാൽ തീരുവിതാംകൂർ സർക്കാർ പിൻവലിക്കുമെന്ന് അദ്ദേഹം കണക്കുകൂട്ടി. അങ്ങിനെ നസ്രാണികളുടെ ചിലവിൽ 1875 ജൂൺ 10-ന് അന്ത്യോഖ്യാ പ. ഇഗ്നാത്തിയോസ് പത്രോസ് ത്രിതീയൻ പാത്രിയർക്കീസ് കേരളത്തിലെത്തി.

മാർ ദീവന്നാസ്യോസ് അഞ്ചാമന്റെ കണക്കുകൂട്ടൽ തെറ്റിയില്ല. പാത്രിയർക്കീസും മഹാരാജാവടക്കമുള്ള തിരുവിതാംകൂർ അധികാരികളുമായുള്ള കൂടിക്കാഴ്ചകളെത്തുടർന്ന് മുമ്പു കൊടുത്ത രാജകീയ വിളംബരം പിൻവലിക്കാതെതന്നെ മാർ അത്തനാസ്യോസിന്റെ മലങ്കര മെത്രാൻ സ്ഥാനം സിവിൽ കോടതികളുടെ അധികാര പരിധിയ്ക്കു വിധേയമാക്കി പുതിയ വിളംബരം പുറപ്പെടുവിച്ചു. അതോടെ മലങ്കര അസോസിയേഷൻ എന്ന സ്വപ്നം പൂവണിയിക്കാൻ പാത്രിയർക്കീസിന്റെ അദ്ധ്യക്ഷതയിൽ ഒരു മലങ്കര പള്ളിയോഗം കൂടുക എന്ന മാർഗ്ഗം മാർ ദീവന്നാസ്യോസിന്റെ ഉള്ളിൽ തെളിഞ്ഞു. ഇതിനെത്തുടർന്നാണ് പാത്രിയർക്കീസിന്റെ 1986 ജൂൺ 6-ലെ കല്പനപ്രകാരം മുളന്തുരുത്തി സുന്നഹദോസ് വിളിച്ചുകൂട്ടിയത്.

'...ജാതി മുഴുവൻ കൂടിയതായ ഒരു സമൂഹവും അതിനു സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ എന്ന പേരും...അതിൽ ഇപ്പഴത്തെ നമ്മുടെ വിശുദ്ധ പിതാവും ആസ്താനം പ്രാപിക്കുന്നവരും പെയിറ്റ്റനും - ഭരിക്കുന്ന മെത്രാപോലീത്താ പ്രസിഡണ്ടും -ആയിരിക്കേണ്ടതും...

...പട്ടക്കാറരിൽ നിന്നു എട്ടും...അയ്മേനികൾ പതിനാറും ഭരിക്കുന്ന മെത്രാപോലീത്താ പ്രസിഡന്റും - കൂടിയതായ ഒരു പ്രധാന കമ്മട്ടിയും...ജാതിയുടെ പൊതുവിലേയ്ക്കു വേണ്ടുന്ന മതസംബന്ധമായും സമൂഹസംബന്ധമായും ഉള്ള സകല കാര്യങ്ങൾക്കും കൈകാരകർത്താക്കളും ഭാരവാഹികളും ആയി ഇവരെ ചുമതലപ്പെടുത്തേണ്ടതും അവരുടെ നടപടികൾക്കു വേണ്ടുന്ന ശട്ടവട്ടങ്ങളെ നിശ്ചയിച്ചു ഉറപ്പിക്കേണ്ടതും (ആകുന്നു)...

...മതസംബന്ധമായും സാമൂഹ്യസംബന്ധമായും പൊതുവിൽ ഉണ്ടായിവരുന്ന സകല വ്യവഹാരങ്ങളും അവരു എല്ലാവരും കൂടി നടത്തുന്നതു പ്രയാസമാകയാൽ അതുകൾ ഒക്കെയും...ഉള്ള അധികാരം പ്രസിഡണ്ടു മാർ ദീവന്നാസ്യോസ്സു മെത്രാപ്പോലീത്താ അവർകൾക്കായിരിക്കണെമെന്നും അതിലേക്കു കമ്മട്ടി മെമ്പ്രന്മാരു സഹായികളായിരിക്കണമെന്നും നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു...

...ജാതിയുടെ പൊതുവിലേയ്ക്കു വേണ്ടുന്ന മതസംബന്ധമായും സമൂഹസംബന്ധമായും ഉള്ള സകല കാര്യങ്ങൾക്കും കൈകാരകർത്താക്കളും ഭാരവാഹികളും ആയി ഇവരെ ചുമതലപ്പെടുത്തേണ്ടതും അവരുടെ നടപടികൾക്കു വേണ്ടുന്ന ശട്ടവട്ടങ്ങളെ നിശ്ചയിച്ചു ഉറപ്പിക്കേണ്ടതും അങ്ങനെ ചെയ്യുന്നപക്ഷം എല്ലാവിധ ഗുണവും സഭയ്ക്കു പൊതുവെ സിദ്ധിക്കുന്നതും ആകയാൽ ആ വകക്കു കൊള്ളാകുന്നവരും...

...സുറിയാനിസമൂഹത്തിന്നു അവരുടെ പള്ളിവകയായും പൊതുവകയായും ഉള്ള മുതലിനെപ്പറ്റി ഇപ്പോൾ ഉള്ള ശട്ടങ്ങളെ ഭേദപ്പെടുത്തുന്നതിനും പുതിയ ക്രമങ്ങളെ ഏർപ്പെടുത്തുന്നതിനും - ...മേൽ കമ്മട്ടിക്കാർ ചുമതലക്കാറരായിരിക്കേണ്ടതാണെന്നു നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു...'

എന്നാണ് മുളന്തുരുത്തി സുന്നഹദോസിന്റെ കാനോനാകളിലെ പരാമർശനം. സൂക്ഷ്മമായ താരതമ്യ പഠനത്തിൽ 1873-ലെ പരുമല സുന്നഹദോസ് നിശ്ചയങ്ങൾ തന്നെയാണ് '*പണിക്കുറതീർത്ത്*' 1876-ൽ മുളന്തുരുത്തിയിൽ സ്ഥിരപ്പെടുത്തിയത് എന്ന് കാണാം.

ഇനി മുളന്തുരുത്തി സുന്നഹദോസിനെക്കുറിച്ച് പ്രചരിപ്പിച്ചു വരുന്നതും ഈ ശതോത്തര കനക ജൂബിലി വേളയിൽ ശക്തമായി പ്രചരിപ്പിക്കാൻ ശ്രമിക്കുന്നതുമായ ചില അസത്യങ്ങളെ ഒന്നു പരിശോധിക്കാം.

1. മുളന്തുരുത്തി സുന്നഹദോസിന്റെ സൂത്രധാരകൻ പ. പരുമല തിരുമേനിയാണ്.

മുളന്തുരുത്തി സുന്നഹദോസ് നടക്കുന്ന കാലത്ത് കേവലം 28 വയസ് മാത്രം പ്രായമുള്ള ഒരു യുവാവായിരുന്നു ചാത്തുരുത്തിൽ കോറി ഗീവർഗീസ് റമ്പാൻ. സുറിയാനി ഭാഷാ പ്രവീണനും അടിമുടി സത്യസന്ധനുമായിരുന്ന അദ്ദേഹം പത്രോസ് പാത്രിയർക്കീസിന്റെ മലങ്കര പര്യടനകാലത്ത് അദ്ദേഹത്തിന്റെ ദ്വിഭാഷിയും സെക്രട്ടറിയുമായിരുന്നു. ആ നിലയിൽ ആണ് അദ്ദേഹം മുളന്തുരുത്തി സുന്നഹദോസിൽ പങ്കെടുത്തത്. പള്ളി പ്രതിനിധികളുടെ സ്ഥാനപത്രം സ്വീകരിച്ച് പരിഭാഷപ്പെടുത്തി പാത്രിയർക്കീസിനെ വായിച്ചുകേൾപ്പിക്കുക, യോഗനിശ്ചയങ്ങൾ ഉടനുടൻ പരിഭാഷപ്പെടുത്തി പാത്രിയർക്കീസിനെ ബോദ്ധ്യപ്പെടുത്തുക എന്നിവയായിരുന്നു സുന്നഹദോസിൽ അദ്ദേഹത്തിന്റെ കർത്തവ്യം. ഇക്കാര്യത്തിൽ കോനാട്ട് ഗീവർഗീസ് റമ്പാനും (പിന്നീട് മാർ യൂലിയോസ്) അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. ഇവർ രണ്ടുപേരും യോഗ മിനുട്സിൽ ഒപ്പിട്ടിട്ടുപോലുമില്ല. ഇക്കാര്യങ്ങൾ പ. പരുമല തിരുമേനി, 1883 ഒക്ടോബർ 26) സെമിനാരി കേസിൽ ആലപ്പുഴ ജില്ലാ കോടതി മുമ്പാകെ കൊടുത്ത മൊഴിയിൽ വ്യക്തമാക്കിയിട്ടുണ്ട്. '*...എഴുത്തുവേലയായിരുന്നു ഞാൻ പാത്രിയർക്കീസിന്റെ കീഴിൽ പ്രധാനമായും ചെയ്തിരുന്നത്...*' എന്നും ഇതേ മൊഴിയിലുണ്ട്.

2. മുളന്തുരുത്തി സുന്നഹദോസിന്റെ കാനോനാകൾ പത്രോസ് പാത്രിയർക്കീസ് '*പ്രദാനം*' ചെയ്തതാണ്.

മുളന്തുരുത്തി സുന്നഹദോസിന് നോട്ടീസ് കല്പന അയച്ചതും അദ്ധ്യക്ഷം വഹിച്ചതും പത്രോസ് പാത്രിയർക്കീസ് ആണ് എന്നത് യാഥാർത്ഥ്യമാണ്. എന്നാൽ കാനോനാകളിൽ ഭൂരിഭാഗവും മുകളിൽ സൂചിപ്പിച്ചതുപോലെ 1873-ലെ പരുമല പടിയോലയുടെ പുനർ സ്ഥിതീകരണം ആയിരുന്നു. യോഗം പാസാക്കുന്ന ഓരോ തീരുമാനവും ഉടനുടൻ പരിഭാഷപ്പെടുത്തി പാത്രയർക്കീസിനെ വായിച്ചു കേൾപ്പിക്കുക മാത്രമാണ് ചെയ്തിരുന്നത്. '*...ഉടനുടൻ ഓരോ കോപ്പിയുണ്ടാക്കി പാത്രിയർക്കീസിനെ വായിച്ചു കേൾപ്പിക്കുകയായിരുന്നു...*' എന്ന് ഇക്കാര്യവും ടി മൊഴിയിൽ പ. പരുമല തിരുമേനി സ്ഥിതീകരിക്കുന്നുണ്ട്.

3. മലങ്കരയെ ഏഴു ഭദ്രാസനങ്ങളായി വിഭജിച്ചതും ആറു മെത്രാന്മാരെ വാഴിച്ചതും മുളന്തുരുത്തി സുന്നഹദോസിന്റെ നിശ്ചയപ്രകാരമാണ്.

മുളന്തുരുത്തി സുന്നഹദോസിൽ ഇത്തരമൊരു ചർച്ച ഒരിക്കലും ഉണ്ടായിട്ടില്ല. തീരുമാനങ്ങളുമില്ല. അതിനേക്കാൾ ഉപരി, തങ്ങളോട് ആലോചിക്കാതെ ഏകപക്ഷീയമായി പാത്രിയർക്കീസ് മെത്രാന്മാരെ വാഴിക്കാൻ ശ്രമിക്കുന്നതിൽ പ്രതിഷേധിച്ച് മുളന്തുരുത്തിയിൽ 1877 ഓഗസ്റ്റ് 28-ന് നടന്ന വി. മൂറോൻ കൂദാശയുടെ പിറ്റേന്ന് പുതുതായി തിരഞ്ഞെടുക്കപ്പെട്ട മാനേജിംഗ് കമ്മറ്റി രാജിവെച്ചു. അതിലുമുപരി 1876 ഡിസംബർ 17-ന് കൊച്ചിക്കോട്ട പള്ളിയിൽ ചേർന്ന മാനേജിംഗ് കമ്മറ്റി യോഗം പരാജയപ്പെടുകയും ഇതേ കാരണത്താൽത്തന്നെ 1877 ജനുവരി 27-ന് പത്രോസ് പാത്രിയർക്കീസ് വെളിയനാട് പള്ളിയിൽ വിളിച്ചുചേർത്ത അസോസിയേഷൻ അലസിപ്പിരിയുകയും ചെയ്തു. ഇതായിരുന്നു കൂടുതൽ മെത്രാന്മാരെ വാഴിക്കുന്നതിനെപ്പറ്റി മുളന്തുരുത്തി സുന്നഹദോസിനു ശേഷവും മലങ്കരയുടെ കാഴ്ചപ്പാട്. അതിനും ശേഷമാണ് ഭദ്രാസന വിഭജനം പാത്രിയർക്കീസ് ഏകപക്ഷീയമായി നടത്തിയത്.

4. മലങ്കര മെത്രാനെ ശക്തിപ്പെടുത്താനാണ് ഇടവക മെത്രാന്മാരെ പാത്രിയർക്കീസ് വാഴിച്ചത്.

തനിക്ക് സമസ്ഥാധികാരവും നൽകുന്ന രജിസ്റ്റർ ഉടമ്പടികൾ നൽകണമെന്ന് മാർ ദീവന്നാസ്യോസിനോടും മാനേജിംഗ് കമ്മറ്റിയോടും പാത്രിയർക്കീസ് നിരന്തരം ആവശ്യപ്പെട്ടിരുന്നു. ഇത് ലഭിക്കാതെ വന്ന സാഹചര്യത്തിലാണ് രജിസ്റ്റർ ഉടമ്പടികൾ വാങ്ങിക്കൊണ്ട് പാത്രിയർക്കീസ് മെത്രാന്മാരെ വാഴിക്കാൻ തുടങ്ങിയത്. '*മലങ്കര*' എന്ന അസ്തിത്വം ഇല്ലാതാക്കുകയും മലങ്കര മെത്രാപ്പോലീത്താ എന്ന സ്ഥാനത്തെ ദുർബലപ്പെടുത്തുകയും ചെയ്യാനാണ് കൂടുതൽ മെത്രാന്മാരെ വാഴിച്ചതും തന്റെ കീഴിലുള്ള ഏഴ് ഭദ്രാസനങ്ങളായി മലങ്കരയെ വിഭജിച്ചതും. തനിക്കുവേണ്ടി നിശ്ചിത സംഖ്യ പ്രതിവർഷം '*റിശ്ശീസ*' എന്ന ചുങ്കം പിരിച്ചുകൊടുക്കുക എന്നതായിരുന്നു നവ മെത്രാന്മാരുടെ കർമ്മം.

ഒരുവനും മറ്റൊരുവന്റെ ഭദ്രാസനത്തിൽ കടക്കെരുതെന്നും, മലങ്കര മെത്രാനെ അനുസരിക്കെരുതെന്നും മാനേജിംഗ് കമ്മറ്റി ഇനി വിളിച്ചു കൂട്ടെരുതെന്നും ആയിരുന്നു നവ മെത്രാന്മാർക്ക് പാത്രിയർക്കീസ് കൊടുത്ത നിർദ്ദേശങ്ങൾ. പക്ഷേ അവ പരാജയപ്പെട്ടു. 1877 മെയ് 30 മുതൽ ജൂലൈ 11 വരെ വെട്ടിക്കൽ നടന്ന എപ്പിസ്ക്കോപ്പൽ സുന്നഹദോസ്, മലങ്കര മെത്രാപ്പോലീത്താ തങ്ങളുടെ മേലധികാരിയാണന്നു സമ്മതപത്രം കൊടുത്തു. പിന്നീട് 1884 തുലാം 4-ന് സെമിനാരിക്കേസിൽ പ. പരുമല തരുമേനി '*...എന്റെ സ്ഥാനം മലങ്കര മെത്രാനിൽനിന്നും സ്വതന്ത്രമായ ഒരധികാരം എനിക്കു നല്കുന്നില്ല. മലങ്കര മെത്രാന് വിധേയമായിട്ടാണ് എന്റെ സ്ഥാനം എനിക്കു നല്കപ്പെട്ടിരിക്കുന്നത്...*' എന്ന് മൊഴികൊടുത്തു. പ. പരുമല തിരുമേനിയുടെ ഈ മൊഴി പാത്രിയർക്കീസ് വാഴിച്ച മറ്റൊരു മെത്രാനായ കരവട്ടു വീട്ടിൽ ശെമവോൻ മാർ ദീവന്നാസ്യോസ്, '*...അദ്ദേഹം (മാർ ഗ്രീഗോറിയോസ്) ആലപ്പുഴ ചെന്നിരുന്ന് ...ആത്മീക കാര്യത്തിൽ ഞങ്ങൾ മെത്രാന്മാരെ എല്ലാവരും ഒരുപോലെ അധികാരപ്പെട്ടിരിക്കുന്നു എന്നും ലൗകിക കാര്യങ്ങളിൽ അദ്ദേഹം (മാർ ദീവന്നാസ്യോസ്) ഞങ്ങളിൽ മീതെ എന്നും മറ്റും എഴുതി വച്ചു വിസ്താരം നടന്നു വരുന്നു...*' എന്ന് ശരിവയ്ക്കുന്നുണ്ട്.

അസോസിയേഷൻ പിരിച്ചുവിട്ട പാത്രിയർക്കീസിന്റെ നടപടിയും ഫലവത്തായില്ല. 1877 ഒക്ടോബർ 12-ന് കൊച്ചീക്കോട്ട പള്ളിയിലും 1878 ഫെബ്രുവരി 18-ന് പരുമല സെമിനാരിയിലും മാനേജിംഗ് കമ്മറ്റിയും 1879 ഏപ്രിൽ 26-ന് പുതുപ്പള്ളിയിൽ അസോസിയേഷനും കൂടി. അതിനു ശേഷം തുടർച്ചയായി കൂടിയ മാനേജിംഗ് കമ്മറ്റി/അസോസ്യേഷൻ യോഗങ്ങളാണ് 1934-ലെ മലങ്കര സഭാ ഭരണഘടനയടക്കമുള്ള ഭരണക്രമീകരണങ്ങൾ നടത്തിയത്.

1876-ലെ മുളന്തുരുത്തി സുന്നഹദസ് അതിന്റെ യഥാർത്ഥ അർത്ഥത്തിൽ പ്രാബല്യത്തിൽ വരുന്നത് സെമിനാരി കേസിൽ 1889-ലെ റോയൽ കോടതി വിധിയോടെയാണ്. ആ വിധപ്രകാരം:

1. 1876-ലെ മുളന്തുരുത്തിയോഗവും അവിടെ രൂപീകരിച്ച അസോസിയേഷനും സാധുവാണ്.

2. മലങ്കര മെത്രാപ്പോലീത്താ തദ്ദേശീയനായിരിക്കണമെന്ന കൊല്ലം പഞ്ചായത്ത് വിധി നിലനിർത്തി.

3. മലങ്കര മെത്രാപ്പോലീത്തായ്ക്ക് ജനത്തിന്റെ തിരഞ്ഞെടുപ്പും വ്യവസ്ഥാപിത കൈവെപ്പും തുല്യ പ്രധാന്യത്തോടെ അനിവാര്യമാണ്.

4. പാത്രിയർക്കീസിന് മലങ്കരയിൽ ലൗകീക അധികാരം ഇല്ലായെന്ന് തീർച്ചപ്പെടുത്തി.

5. റിശ്ശീസാ പാത്രിയർക്കീസിനോ ഭരിക്കുന്ന മെത്രാനോ എന്ന് ഖണ്ഡിതമായി പറയാനാവുന്നില്ല.

ഇവയാണ് മുളന്തുരുത്തി സുന്നഹദോസിന്റെ ഇന്നും നിലനിൽക്കുന്ന ആത്യന്തിക ഫലങ്ങൾ

Church Bylaws and the Indian Constitution: Balancing Religious Autonomy and Legal Governance

S.P. CHALY
"FORMER JUDGE"HONOURABLE HIGH COURT OF KERALA

Churches in India function not only as religious institutions but also as organizations that administer places of worship, educational institutions, charitable activities, and community services. While every church has the autonomy to formulate its own constitution, bylaws, rules, and regulations for internal governance, such bylaws cannot exist in isolation from the Constitution of India.The Constitution is the supreme law of the land, and all organizations—including religious denominations—must frame and implement their bylaws in conformity with constitutional principles and statutory laws.The relationship between religious autonomy and constitutional supremacy has been consistently recognized by Indian courts. Therefore, church bylaws must reflect a balance between ecclesiastical independence and constitutional mandates relating to equality, justice, dignity, and the rule of law.Good governance requires that church bylaws incorporate principles of natural justice. Many churches in India are registered under statutes governing societies, trusts, or companies, depending upon their legal structure. Church bylaws should clearly provide for democratic elections, fixed tenure of office-bearers, transparent voting procedures; financial accountability, audit mechanisms, maintenance of records and grievance redressal procedures.Effective church bylaws should ensure consistency with the Constitution of India, compliance with applicable statutory laws, respect for religious autonomy within constitutional limits, democratic governance, transparency and accountability, fair disciplinary procedures. protection of members'

Office Address: M/S. CHALY ASSOCIATES, Advocates, 40/1677, Market Road, Ernakulam, Cochin-682011"Email: chalyassociates @gmail.com"Mobile: 9895031327

മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനി അസോസിയേഷന് നേതൃത്വം നൽകുന്ന സഭാ സ്ഥാനികൾ

ഫാ. ഡോ. തോമസ് വർഗീസ് അമയിൽ
(വൈദിക ട്രസ്റ്റി)

റോണി വർഗീസ് ഏബ്രഹാം
(അൽമായ ട്രസ്റ്റി)

അഡ്വ. ബിജു ഉമ്മൻ
(മലങ്കര അസോസിയേഷൻ സെക്രട്ടറി)

രണ്ടാം പേജ് തുടർച്ച

ശ്രേഷ്ഠ ഭരണാധികാരികളും ജനനേതാക്കന്മാരുമായിരുന്നു.

മെത്രാന്മാരുടെ 'ഏകനായകത്വത്തെ' മുളന്തുരുത്തി സുന്നഹദോസിന്റെ രണ്ടു കാനോനുകളിൽ അപലപിച്ചിട്ടുണ്ട്. മെത്രാനു ബദലായി അസോസിയേഷനും കമ്മറ്റിയും ഉണ്ടാക്കിയിട്ടും പ്രയോജനം ഒന്നും ഉണ്ടായില്ല. മലങ്കര മെത്രാപ്പോലീത്തായുടെ അധികാരക്കോട്ടയിൽ വിള്ളലുണ്ടാക്കാതെ ഒരു കാലത്തും ഇവിടെ കടന്നുകൂടാൻ കഴിയുകയില്ല എന്നു പാത്രിയർക്കീസിനു ബോധ്യമായി. ഈ സാഹചര്യത്തിലാണ് ദൃഢചിത്തതയോടെ പാത്രിയർക്കീസ് കരുക്കൾ നീക്കുന്നതും. ഭദ്രാസന രൂപവൽകരണം നടക്കുന്നതും.

മലങ്കര മെത്രാപ്പോലീത്തായുടെ പൂർണ്ണ അധികാരത്തിൽപെട്ട സഭയെ അദ്ദേഹത്തിന്റെ സമ്മതം കൂടാതെ ഏഴായി പാത്രിയർക്കീസ് വിഭജിച്ചു. പുതുതായി ആറു മെത്രാന്മാരെക്കൂടി വാഴിച്ചു. ദീവന്നാസിയോസ് ഉൾപ്പെടെ ഓരോരുത്തരേയും ഓരോ ഭദ്രാസനത്തിന്റെ മെത്രാന്മാരായി നിയമിച്ചുകൊണ്ട് പാത്രിയർക്കീസ് കൽപന കൊടുത്തു.

മുളന്തുരുത്തി സുന്നഹദോസിന്റെ നിശ്ചയപ്രകാരമാണ് പുതിയ ഭദ്രാസന രൂപവൽകരണവും മെത്രാൻ വാഴ്ചയും നടന്നതെന്ന് സുന്നഹദോസ് നടപടികളുടെയും തീരുമാനങ്ങളുടെയും വെളിച്ചത്തിൽ പറയുവാൻ സാധിക്കുകയില്ല. പുതിയ മെത്രാന്മാരിൽ ആരുടേയും വാഴ്ചയിൽ മാർ ദീവന്നാസിയോസ് സംബന്ധിച്ചില്ല. അതുകൊണ്ട് മാർ ദീവന്നാസിയോസിന്റെ അറിവോടും സമ്മതത്തോടും കൂടിയായിരുന്നു മെത്രാൻ വാഴ്ച നടന്നതെന്നും പറയുവാൻ സാധിക്കുകയില്ല. മൂന്ന് പ്രാവശ്യമായാണ് ആറു മെത്രാന്മാരെ പാത്രിയർക്കീസ് വാഴിച്ചത്.

മലങ്കര സഭയിൽ വിശ്വാസസമൂഹ സാക്ഷ്യത്തിന്റെ പ്രാധാന്യം

ഫാ. ഡോ. ജോസി ജേക്കബ് പൊനേടത്ത്
(പ്രിൻസിപ്പാൾ, സെന്റ് തോമസ് ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, നാഗ്പൂർ)

പരിശുദ്ധ പൗലോസ് ശ്ലീഹ തിമോത്തിയോസിന് എഴുതിയ ഒന്നാം ലേഖനത്തിൽ സഭയുടെ അധ്യക്ഷ സ്ഥാനത്തേക്ക് വരുവാൻ കാക്ഷിക്കുന്നവർക്ക് ഉണ്ടായിരിക്കേണ്ട യോഗ്യതകളിൽ പ്രധാനമായി പറയുന്ന ഒന്ന്, ജനത്തിന്റെ മുന്നിലെ നല്ല സാക്ഷ്യം ആണ്.

ഓർത്തഡോക്സ് സഭയുടെ കാഴ്ചപ്പാടിൽ മേൽപട്ട സ്ഥാനത്തിന്റെ രണ്ട് അടിത്തറകൾ അപ്പോസ്തോലിക പിന്തുടർച്ചയും ജനത്തിന്റെ സാക്ഷ്യവും ആണ്. 1934-ലെ മലങ്കര സഭാ ഭരണഘടന ഇവ വസ്തുതകൾ സമഗ്രമായി ഉൾകൊണ്ടാണ് മേൽപ്പട്ടക്കാരെ തിരഞ്ഞെടുക്കാനുള്ള സംവിധാനം ക്രമീകരിച്ചിരുന്നത്. 1934-ൽ മാത്രം മലങ്കര സഭ സഭീകരിച്ച് നടപ്പിലാക്കിയ ഒരു നൂതന ആശയം ആയിരുന്നില്ല മേൽപ്പട്ടണെത്. മലങ്കര നസ്രാണി സമൂഹത്തിന്റെ ആദ്യ കാലം മുതലുള്ള ലഭ്യമായ രേഖകൾ എല്ലാം സഭയുടെ വിശ്വാസ സംരക്ഷണത്തിലും നേതൃത്വത്തെ നിയോഗിക്കുന്നതിലും വിശ്വാസി സമൂഹത്തിന്റെ സാക്ഷ്യത്തിന്റെ പ്രാധാന്യം വ്യക്തമാണ്. മലങ്കര നസ്രാണി സമൂഹം അതിന്റെ ചരിത്രത്തിന്റെ എല്ലാ കാലഘട്ടങ്ങളിലും - വിശ്വാസ സംരക്ഷണത്തിലും, സഭാസംവിധാനങ്ങളുടെ നടത്തിപ്പിലും - വിശ്വാസി സമൂഹത്തിന്റെ പങ്കാളിത്തത്തിനും സാക്ഷ്യത്തിനും വലിയ പ്രാധാന്യം നൽകിയിട്ടുണ്ട്.

പള്ളിയോഗങ്ങൾ ആയിരുന്നു സഭയുടെ ഇടവക തലത്തിലും പൊതുവായതും ആയ വിഷയങ്ങളിൽ തീരുമാനം എടുത്തിരുന്നത്. മലങ്കര നസ്രാണി സമൂഹത്തിന്റെ സത്യവിശ്വാസം, സ്വാതന്ത്ര്യം, സത്വം എന്നിവയെല്ലാം മലങ്കര പള്ളിയോഗത്തിന്റെ പരിഗണന വിഷയങ്ങൾ ആയിരുന്നു. ജാതിക്ക് കർത്തവ്യൻ എന്ന സഭാ തലവൻ ജാതിക്ക് മേൽ കർത്തൃത്വം (അധികാരം) ഉള്ളവൻ എന്നതിനുപരി, ജാതിയോട് കർത്തവ്യം (ഉത്തരവാദിത്വം) നിർവഹിക്കേണ്ടവൻ എന്ന നിലയിൽ കാണാവുന്നതാണ്.

ജാതിക്ക് കർത്തവ്യന് അധികാരത്തോടെ ഭരിക്കുക എന്നതിലുപരി ഉത്തരവാദിത്വത്തോടെ നയിക്കുക എന്ന ദൗത്യം ആണ് നസ്രാണി സമൂഹം നൽകിയിരുന്നത്. പതിനാറാം നൂറ്റാണ്ടുമുതലുള്ള ഉത്തര കൊളോണിയൽ ചരിത്രത്തിലും നസ്രാണി സമൂഹത്തിന്റെ കൂട്ടുത്തരവാദിത്വം വ്യക്തമായി പ്രതിഫലിക്കുന്നുണ്ട്. മലങ്കര നസ്രാണി സമൂഹം അതിന്റെ ചരിത്രത്തിൽ എല്ലായ്പ്പോഴും തങ്ങളുടെ ആത്മീയ നേതൃത്വത്തിനോടൊപ്പം സഭയുടെ സത്യവിശ്വാസം, സ്വാതന്ത്ര്യം, സത്വം എന്നിവ സംരക്ഷിക്കുവാൻ ബദ്ധശ്രദ്ധയായിരുന്നു. വിശ്വാസം, ആരാധന, ആധ്യാത്മിക അനുഷ്ഠാനങ്ങൾ എന്നിവ നസ്രാണി സമൂഹത്തിന്റെ കൂട്ടായ ഉത്തരവാദിത്തത്തിൽ ആയിരുന്നു സംരക്ഷിക്കപ്പെട്ടിരുന്നത്. ഇടമ്പോരുകൾ സുന്നഹദോസിന്റെ കൈവഴിക്കൊഴുകി വിശ്വാസികളുടെയും പെരിതിയുടെയും പങ്കെടുക്കാൻ നിർബന്ധിതരായത് സഭയുടെ അടിസ്ഥാനങ്ങൾ സംരക്ഷിക്കുന്ന സംവിധാനം കൂട്ടുത്തരവാദിത്വം ഉള്ളത് ആയതിനാൽ ആണ്. വൈദികസ്ഥാനികൾ മാത്രമായിരുന്നില്ല മലങ്കര നസ്രാണികളുടെ വിശ്വാസ-ആചാര സംരക്ഷകർ, മറിച്ച് മുഴുവൻ സഭയും ആയിരുന്നു.ഇന്ത്യൻ മണ്ണിൽ പാശ്ചാത്യ അധിനിവേശത്തിന് എതിരായി നടന്ന ആദ്യ സ്വാതന്ത്ര്യ പ്രഖ്യാപനമായ

1653-ലെ കൂനൻ കുരിശുസത്യത്തിലും നസ്രാണി കൂട്ടായ്മയാണ് സഭയുടെ സത്വ സംരക്ഷണത്തിന് മുന്നിട്ടിറങ്ങിയത്.1665-ൽ മലങ്കരയിൽ എത്തി മഹാനായ ഒന്നാം മാർത്തോമ്മായുടെ മേൽപട്ട സ്ഥാനം ക്രമപ്പെടുത്തിയ യെരുശലേമിലെ സുറിയാനി പാത്രിയർക്കീസ് മാർ ഗ്രിഗോറിയോസ് അബ്ദിൽ ജലീൽ, മലങ്കരയിൽ അന്ന് നിലവിൽ ഉണ്ടായിരുന്ന ആരാധന-ആചാര പാരമ്പര്യം മാറ്റി പാശ്ചാത്യ സുറിയാനി പാരമ്പര്യം നടപ്പിലാക്കുന്നതിന് ഏകപക്ഷീയമായി ശ്രമിച്ചെങ്കിലും ജനത്തിന്റെ എതിർപ്പുമൂലം നടപ്പിലായില്ല.

അതേ സമയം 1686-ൽ മാർ ഇവാനിയോസ് ഹദിയത്ത് എപ്പിസ്കോപ്പ - മൂന്നുതുരുത്തിക്കരുത്ത് തെക്കേ കമ്പറുക്കൽ ബാവാ - ചെങ്ങന്നൂർ സുന്നഹദോസിൽ വൈദികരെയും വിശ്വാസികളെയും ഉൾക്കൊള്ളിച്ചുകൊണ്ട് എടുത്ത തീരുമാനങ്ങൾ സത്യവിശ്വാസത്തിലേക്കും ഇന്ന് മലങ്കര സഭയിൽ നിലവിലുള്ള പാശ്ചാത്യ സുറിയാനി ആരാധന പാരമ്പര്യത്തിന്റെ സ്വീകരണത്തിലേക്കും വഴിതെളിച്ചു. 1836-ലെ മാവേലിക്കര പടിയോലയുടെ രൂപീകരണത്തിലും നസ്രാണി സമൂഹം അതിന്റെ വിശ്വാസങ്ങൾ സംരക്ഷിക്കുവാൻ നടത്തിയ ശ്രമങ്ങൾ വ്യക്തമാവുന്നുണ്ട്. തുടർന്ന് സഭ നേരിട്ട എല്ലാ പ്രതിസന്ധികളിലും മലങ്കര സഭ അതിന്റെ നേതൃത്വത്തിന്റെ കീഴിൽ കൂട്ടുത്തരവാദിത്വത്തോടുകൂടി പ്രവർത്തിച്ച ചരിത്രം സാക്ഷിക്കുന്നു.

1876-ലെ മുലന്തുരുത്തി സുന്നഹദോസിലും വ്യക്തമാകുന്നത് സത്യവിശ്വാസവും വ്യക്തമായ സത്വവും സംരക്ഷിക്കുന്നതിനുള്ള മലങ്കര സഭാസംഘങ്ങളുടെ തീക്ഷ്ണ അഭിലാഷമാണ്.1934-ലെ സഭാ ഭരണഘടനപ്രകാരം വിശ്വാസം, പാരമ്പര്യവും, ആചടക്കം എന്നീ വിഷയങ്ങൾ പൂർണമായും പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ അധികാര പരിധിയിൽ വരുന്നുവെങ്കിലും വിശ്വാസി സമൂഹത്തിന്റെ പ്രസ്തുത വിഷയങ്ങളിലെ ബോധവും ശരിയായും വ്യക്തമായും നിലനിർത്തേണ്ടത് സഭയുടെ ആവശ്യമാണ്. തങ്ങളെ നയിക്കുന്നതിന് യോഗ്യരായ മേൽപ്പട്ടക്കാരെ തിരഞ്ഞെടുക്കാനുള്ള വിശ്വാസി സമൂഹത്തിന്റെ അവസരം, അവകാശം എന്നിവനൊക്കൽ ഉപരി, തങ്ങളുടെ സത്യവിശ്വാസത്തിലും സത്യആരാധനയിലും നയിക്കാനുള്ള നേതൃത്വത്തെ കുറിച്ചുള്ള സാക്ഷ്യമാണ്.

ജനത്തിന്റെ നല്ല സാക്ഷ്യമുള്ളവർ ആണ് മേൽപട്ട സ്ഥാനത്തേക്ക് അവരോധിക്കപ്പെടേണ്ടത്. പരിശുദ്ധമായ പ്രവർത്തനത്താൽ നല്ല സാക്ഷ്യമുള്ള വൈദികരെ മേൽപ്പട്ടക്കാരായി തിരഞ്ഞെടുക്കുവാൻ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

ആശംസകൾ

KEEPPALLIL EDUCATIONAL & CHARITABLE SOCIETY

ST. GEORGES MOUNT HIGH SCHOOL
KAIPATTOOR, PATHANAMTHITTA

ST. GEORGES PUBLIC SCHOOL
KAIPATTOOR, PATHANAMTHITTA

EVERSHINE INTERNATIONAL SCHOOL
AL KHOBAR SAUDI ARABIA

ST.GREGORIOS VIDYANIKETHAN SCHOOL
VETTIYAR, MAVELIKKARA

T.M. VARGHESE MEMORIAL HIGH SCHOOL
VETTIYAR, MAVELIKKARA